പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം

24 (*114) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ;

(ഡി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ; വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ഉണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ ഒമ്പത് ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കമ്പ്യൂട്ടർവൽകൃത ഭൂരേഖ വിതരണം ചെയ്യുക എന്ന അടിസ്ഥാന ലക്ഷ്യവുമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പുവഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട ഓൺലൈൻ പോക്കുവരവ് സാദ്ധ്യമാക്കി അതുവഴി കോമൺ ലാൻഡ് ഡാറ്റാ ബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചു കിട്ടുകയും വില്ലേജ് റിക്കോർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാകുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയുമില്ല. പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും തടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കോർഡുകളുടെ കൃത്യത ഉറപ്പാക്കുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതെയും സൂക്ഷിക്കുവാൻ കഴിയുന്നു.

(ഡി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും റവന്യൂ ഐ.റ്റി. സെൽ, എൻ.ഐ.സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

റോഡ് വികസന പദ്ധതികൾക്കായി മാസ്റ്റർപ്ലാൻ

25 (*115) ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുംകാല ഗതാഗത ആവശ്യങ്ങൾ കണക്കിലെടുത്തുള്ള റോഡു വികസന പദ്ധതികൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ഇല്ലെങ്കിൽ വരുംകാല ഗതാഗത ആവശ്യങ്ങളുടെ വർദ്ധനയും സ്വഭാവവും കണക്കിലെടുത്ത് അമ്പതു വർഷക്കാലത്തേക്കുള്ള റോഡുവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുകളാണുള്ളത് ; ഈ റോഡുകളോടനുബന്ധിച്ച് വശങ്ങളിൽ ലഭ്യമായ വകുപ്പിന്റെ സ്ഥലം ഗതാഗതത്തിനു പൂർണ്ണമായി ഉപയോഗപ്പെടുത്താൻ ആയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly